കെ. എസ്. ആർ. ടി. സി. യുടെ കേന്ദ്ര ഓഫീസ് കെട്ടിടത്തിന്റെ പണി

212 [298] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ കേന്ദ്ര ഓഫീസ് കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു;

(ബി) ഇതിനകം ഇതിനുവേണ്ടി ചെലവഴിച്ച തുക എത്ര;

(സി) പണി പൂർത്തിയാക്കാൻ ഇനി എന്തു തുക കൂടി വേണ്ടി വരുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) അഞ്ചാം നിലയുടെ പണി ദ്രുതഗതിയിൽ നടന്നു വരുന്നു.

(ബി) 1,56,35,075 രൂപ.

(സി) ഇനിയും ഏകദേശം രണ്ടേമുക്കാൽ കോടി രൂപ വേണ്ടിവരുമെന്നാണ് കെ. എസ്. ആർ. ടി. സി. കണക്കാക്കുന്നത്.

കെ. എസ്. ആർ. ടി. സി. യിലെ 1985–ലെ നിയമനം

213 [300] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 കലണ്ടർ വർഷം കെ. എസ്. ആർ. ടി. സി.യിൽ എത്രപേരെ പുതുതായി നിയമിച്ചു;

(ബി) തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇതിൽ പി. എസ്. സി. നൽകിയ ലിസ്റ്റിൽനിന്ന് നിയമിച്ചവരെത്ര?

ഉത്തരം

(എ) 788 പേർ.

(ബി)

കണ്ടക്ടർ	266
ഡ്രൈവർ	449
ക്ലാർക്ക്	17
ടൈപ്പിസ്റ്റ്	3
പ്യൂൺ	3
ഗാർഡ്	6
സ്വീപ്പർ	1
ചാർജ്മാൻ	5
വർക്ക് അസിസ്റ്റന്റ്	10
ടിക്കർ	1
ബ്ലാക്സ്മിത്ത്	17
പെയിന്റർ	10

(സി) 283 പേർ.

LIBRARY ARCHIVES Kerala Legislative Assembly